വ്യാവസായിക വൈദ്യുതി നിരക്കിലുണ്ടായ ഭീമമായ വർദ്ധന

119 (902)ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞവർഷങ്ങളിൽ നിലനിന്ന കറണ്ടുകട്ടും ലോഡ് ഷെഡ്ഡിംഗുംമൂലം കേരളത്തിലെ പൊതുമേഖല-സ്വകാര്യമേഖല വ്യവസായ സ്ഥാപനങ്ങൾ മിക്കതും നഷ്ടത്തിലായ വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1997 ഫെബ്രുവരിയിൽ ഹൈടെൻഷൻ, എക്സ്ട്രാ ഹൈ ടെൻഷൻ വ്യവസായ ഉപഭോക്താക്കളുടെമേൽ എത്ര ശതമാനം വർദ്ധനവാണ് കറന്റ് ചാർജ്ജിനത്തിൽ വരുത്തിയത്;

(സി) 1998 ഫെബ്രുവരിയിൽ മേൽ വിഭാഗത്തിൽ വരുത്തിയ കറന്റ് ചാർജ്ജ് വർദ്ധന എത്രയായിരുന്നു'

(ഡി) 1998 ഡിസംബറിൽ പ്രാബല്യത്തിൽ വരുത്തിയ ടി.ഒ.സി. ഡിഫറൻഷ്യൽ പ്രൈസിംഗിന്റെ ഫലമായി മേൽപ്പറഞ്ഞ വൈദ്യുതി ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജിനത്തിൽ എത്ര ശതമാനം വർദ്ധനവുണ്ടായി;

(ഇ) 1999 മേയ് മാസം പ്രഖ്യാപിച്ച വൈദ്യുതി ചാർജ്ജ് വർദ്ധനവിനുസരിച്ച്, ഹൈടെൻഷൻ-എക്സ്ട്രാ ഹൈടെൻഷൻ വൈദ്യുതി ഉപഭോക്താക്കൾ 40% വർദ്ധന ഭാരം വഹിക്കുവാൻ ഇടയാകുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) നിരന്തരമായ വൈദ്യുതിചാർജ് വർദ്ധനവുമൂലം സംസ്ഥാനത്തെ ഹൈടെൻഷൻ-എക്സ്ട്രാ ഹൈടെൻഷൻ വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുവാൻ നിർബന്ധിതരാകുന്നു എന്നത് സർക്കാർ ഗൗരവമായി കണക്കിലെടുക്കുമോ;

(ജി) സംസ്ഥാനത്തെ വ്യവസായം നിലനിർത്തുവാൻ മേൽപ്പറഞ്ഞ വിഭാഗത്തിന് വൈദ്യുതി ചാർജ്ജ് ഇളവുകൾ അനുവദിക്കുവാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) 100 ശതമാനം പവർകട്ട് നിലനിന്നിരുന്ന വർഷങ്ങളിൽ വ്യവസായരംഗത്ത് പ്രതിസന്ധി നിലനിന്നിരുന്നു. എന്നാൽ 15.12.97-നുശേഷം വ്യവസായരംഗത്ത് പവർകട്ട് പൂർണ്ണമായും പിൻവലിച്ചിട്ടുണ്ട്.

(ബി) 40 ശതമാനം വർദ്ധനവാണ് വരുത്തിയത്.

(സി) 10 ശതമാനം.

(ഡി) ഇത് ചാർജ്ജ് വർദ്ധനവിന് ഏർപ്പെടുത്തിയ സംവിധാനമല്ല. മറിച്ച് യന്ത്രസാമഗ്രികളുടെ ഉപയോഗം ക്രമീകരിച്ച് പീക്ക് ലോഡ് സമയത്ത് മാക്സിമം ഡിമാന്റ് കുറയ്ക്കുന്നതിനുള്ള സംവിധാനമാണ്.

(ഇ)-(ജി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് കണക്കിലെടുത്ത് എച്ച്.ടി./ഇ.എച്ച്.ടി. വ്യവസായങ്ങൾക്ക് പുതുക്കിയ നിരക്കിൽ നിന്നും 5 ശതമാനം ഇളവ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly